## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 464 01.12.2015-ൽ മറുപടിയ്ക്ക്**

## മാവേലിക്കര - ഊർജ്ജ വകുപ്പിന്റെ പ്രവൃത്തികൾ.

ചോദ്യം

ശ്രീ. ആർ. രാജേഷ് :

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം മാവേലിക്കര മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ നടപ്പിലാക്കുന്നതിന് വിനിയോഗിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രവൃത്തി | കി.മീ./ എണ്ണം | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1. | 11കെ.വി,ലൈൻ നിർമ്മാണം | 59.55 കി.മീ | 347.76 |
| 2. | ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 101 എണ്ണം | 277.75 |
| 3. | എൽ.റ്റി.ലൈൻ നിർമ്മാണം | 76.65 കി.മീ. | 238.38 |
| 4. | സർവീസ് കണക്ഷൻ | 8488 എണ്ണം | 182.41 |

ആർ.ജി ജി.വി.വൈ., ഡി.ഡി.യു.ജി.ജെ.വൈ, കെ.പി..ഐ.എസ് എന്നീ പദ്ധതികളിലും ബോർഡിന്റെ തനതു ഫണ്ടിലൂടെയുമാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കിയത്.

പ്രസരണ വിഭാഗത്തിൽ 8.35 കി.മീ.33.കെ.വി സിംഗിൾ സർക്യൂട്ട് ലൈൻ 33 കെ.വി.കറ്റാനം സബ്സ്റ്റേഷനിൽ നിന്നും വലിച്ച്, വള്ളികുന്നം 33 കെ.വി. സബ്സ്റ്റേഷനിൽ എത്തിക്കുകയും അവിടെ ഒരു 5 എം,വി.എ. 33/11 കെ.വി.ട്രാൻസ്ഫോർമർ സ്ഥാപിച്ച് രണ്ട് 11 കെ.വി. ഫീഡറുകൾ പ്രവർത്തന ക്ഷമമാക്കിയിട്ടുള്ളതും ആകുന്നു. ഇതിലേക്കായി 138.14 ലക്ഷം രൂപ ചെലവ് വന്നിട്ടുണ്ട്. കൂടാതെ ഈ സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുവാൻ

വേണ്ടി ഒരു 5 എം.വി.എ ട്രാൻസ്ഫോർമറും കൂടി സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഇടപ്പോൺ - കോഴഞ്ചേരി 66 കെ.വി.ഡി.സി.ലൈൻ110 കെ.വി.ആയി ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

കറ്റാനം 33.കെ.വി.സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിച്ച് 66കെ.വി.സബ്സ്റ്റേഷൻ ആക്കുന്ന പ്രവൃത്തിക്കും അതിനോടനുബന്ധിച്ചുള്ള 3 കി.മീ.66 കെ.വി.ഡി.സി.ലൈൻ നിർമ്മാണത്തിനും 10.9 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.